**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1595** **04.12.2018 ൽ മറുപടിയ്ക്ക്**

## നാളികേര ഉൽപ്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തുവരുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2016-17- ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 7,81,496 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നുണ്ട്. |
| ബി) വർഷത്തിൽ ശരാശരി നാളികേര ഉൽപ്പാദനം എത്രയാണ്; | ബി) ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം വർഷത്തിൽ കേരളത്തിലെ ശരാശരി നാളികേര ഉല്പാദനം ഹെക്ടറിന് 6889 നാളികേരമാണ്. |
| സി) ഒരു തെങ്ങിൽ നിന്നും വർഷത്തിൽ ശരാശരി എത്ര നാളികേരം ലഭിക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | സി) ഒരു തെങ്ങിൽ നിന്നും വർഷത്തിൽ ശരാശരി 32 മുതൽ 33 വരെ നാളികേരം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു. |
| ഡി) നാളികേര ഉൽപ്പാദനം വർദ്ധിപ്പിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പും നാളികേര വികസന ബോർഡും സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | ഡി) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനായി കൃഷി വകുപ്പും നാളികേര. വികസന ബോർഡും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**<u>കൃഷി വകുപ്പ് പദ്ധതികൾ</u>**<br>1. കേരഗ്രാമം പദ്ധതി<br>2. അത്യുല്പാദന ശേഷിയുള്ള കുറിയ/ ഇടത്തരം/ സങ്കര ഇനങ്ങളുടെ മാതൃക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ.<br>3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിനും, കീടരോഗ നിയന്ത്രണം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കുന്നതിനുമുള്ള പ്രോജക്ട്. |

4. ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പരിപാടി.
5. മേൽത്തരം കുറിയ ഇനം തെങ്ങിൻതൈ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിന് കേരസമൃദ്ധി പദ്ധതി.
6. കോഴിക്കോട് കേന്ദ്രീകരിച്ച് തെങ്ങിന് പ്രത്യേക കാർഷിക മേഖല.
7. വിള ഇൻഷ്വറൻസ് പദ്ധതി
8. നാളികേര അഗ്രോപാർക്കുകൾ
9. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായുള്ള അഗ്രോസർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും.
10. തെങ്ങ് അധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി SFAC മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത ധനസഹായം.

നടപ്പ് സാമ്പത്തിക വർഷത്തിൽ മേൽ പ്രവർത്തനങ്ങൾക്കായി 82.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

11. സംസ്ഥാനത്തെ നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി 21.11.2018- ലെ സ.ഉ (കൈ) 138/18/കൃഷി നമ്പർ ഉത്തരവ് പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

a) 10 വർഷം കൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.

b) തെങ്ങിന്റെ ഉല്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

c) ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

e) നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത

വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.

f) വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.

g) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

h) നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

i) നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.

j) നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**<u>നാളികേര വികസന ബോർഡ് പദ്ധതികൾ</u>**

1. തെങ്ങിന്റെ മാതൃക പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി (LODP)
2. തെങ്ങിന്റെ പുനർ നടീലും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതി.
3. പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം.
4. തെങ്ങ് ഇൻഷുറൻസ് പദ്ധതി.

നാളികേര വികസന ബോർഡിന്റെ പദ്ധതികൾക്കായി 13.72 കോടി രൂപ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. (സംസ്ഥാന വിഹിതം ഉൾപ്പെടെ).

**സെക്ഷൻ ഓഫീസർ**